# മിന്നും താരങ്ങൾ



*PVSHS*
*E-MAGAZINE*
*2020*

# ആമുഖം

1951 ൽ പ്രവർത്തനമാരംഭിച്ച പി.വി .എസ് .ഹയർസെക്കന്ററി സ്കൂൾ ,ഡിജിറ്റൽ സാങ്കേതിക രംഗത്തും നൂതനാശയങ്ങളുമായി മറ്റാരേക്കാളും മുൻനിരയിലായി കഴിഞ്ഞു .സ്പോർട്സ് ,ആർട്സ് രംഗങ്ങളിൽ ആകെ ഇരിഞ്ഞാലക്കുട സബ്ജില്ലയിലെ മികച്ച സ്കൂളിലൊന്നായി പാതമുദ്രപതിപ്പിച്ച ഈ സ്കൂൾ കമ്പ്യൂട്ടർ മേഖലയിൽ പ്രോജ്വലിച്ച് നിൽക്കുന്നു . അക്ഷരത്താളുകളിൽ ആവിഷ്കരിക്കുന്ന തുലികമന്ത്രണങ്ങൾ കൈവിരൽ കൊണ്ട് എത്തിപിടിക്കാവുന്ന നവതാരകങ്ങളായി മാറുന്ന ഈ പുതുകാലത്ത് ഞങ്ങളും തുടക്കം കുറിക്കുകയാണ്, നല്ലൊരു ഡിജിറ്റൽ മാസിക ഉണ്ടാക്കാൻ. സാംസ്കാരികവും ദേശീയവും അന്തർദേശീയവുമായ കരുത്തുകൊണ്ട് ഈടുറ്റയൊന്നായി ഇതിനെ മാറ്റാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. അക്ഷരങ്ങളഗ്നിയായും വാക്കുകൾ തീപന്തങ്ങളായി മാറേണ്ട ഈ പുതുകാലത്ത് ഞങ്ങളുടെ ഈ സംരഭവും നിങ്ങളേറ്റു വാങ്ങുക.പോരായ്മകൾ തിരുത്തുന്ന കാലനീതിയെ കൈകളിലേന്തി വിനയ പുരസ്കരം ഞങ്ങൾ സമർപ്പിക്കുന്നു.



An e-magazine prepared byLittle Kites unit,

# ***PVSHS,Parappukkara***

# എഡിറ്റോറിയൽ ബോർഡ്അംഗങ്ങൾ

***Chief Editor : Bijeesha Biju***

***Members:*** ***Bijeesha Biju***
***Aiswarya.M.R***
***Devika.P.M***
***Rosemariya Shaju***
***Malavika.T.M***
***Gopika Sanal***
***Keerthana .V.V***
***Nibin Biju***
***Amalkrishna.P.R***
***Aswathy.K.S***

***Kite Mistress: Anju Janakan***
***Demmy John***

## ഇതളുകൾ

# ഉള്ളടക്കം

തലക്കുറി.........................................8

തിരിച്ചറിവ് .....................................9

Nature..........................................10

ഓഖി...............................................11

മുതലയും കോഴിയും.........................12

A Fox without a tail......................13

അമ്പാടിയിലെ ഉണ്ണികൾ..................14

Balu...............................................15

ചിറകൊടിഞ്ഞ മരം..........................16

തിരത്തെ മായാജാലങ്ങൾ..............17

ചെമ്പരത്തി....................................20

ഓമനത്തിങ്കൾ കിടാവോ.................21

മുനിയെ വീഴ്ത്തിയ രാവണൻ.......22

*ഇണ കുരുവികൾ.................................23*

*ചങ്ങാതി ...........................................24*

*സ്വപ്നം...............................................25*

*കിനാവ് കാണുന്ന പക്ഷികൾ.................26*

*The Road not taken..................................27*

*കൂട്ടുകാരൻ...................................................28*

*Photo gallery of school activities.......................29*

*Startup of JRC unit..................................32*

*JRC activities............................................33*

ഇതളുകൾ

# തലക്കുറി

ഞാൻ വന്നപ്പോഴേക്കും
നേരം വൈകിയിരുന്നു
കൊടുമുടികളിലെല്ലാം
കൊടി പാറിയിരുന്നു
ദ്വീപുകളിൽ കാൽപ്പാടുകളിൽ
പറ്റിയിരുന്നു
രണ്ടു മഹായുദ്ധങ്ങൾ കഴിഞ്ഞതിനാൽ
വീരസ്വർഗ്ഗം പൂട്ടിയിരുന്നു
സ്വാതന്ത്ര്യം മൂളിയതിനാൽ പിന്നെ
ഗാന്ധിജിയുടെ കൂട്ടർ
തൊപ്പികളിൽ മുഴുകിയിരുന്നു
ഞാൻ വന്നപ്പോഴേക്കും
കോമാളിയുടെ ഇടവേള തുടങ്ങിയിരുന്നു

***Aswathy***
***9B***

# തിരിച്ചറിവ്

പച്ചപ്പട്ടു പുതച്ച നിൽക്കും കേരളം ഇന്ന്
കെട്ടിടങ്ങൾ ഉയർന്ന് നിൽക്കും
പുരോഗമന കേരളം
കൊയ്ത്തു പാട്ടിന്റെ നാട്
ദൈവത്തിന്റെ നാട് ഇന്ന്
യന്ത്രക്കോപ്പും ഫാക്ടറികളും
നിറഞ്ഞുവാഴും കേരളം
കാരുണ്യത്തിൻ
പൊയ്മുഖമണിയു



മാന്യന്മാരുടെ കേരളം
ചതിയും കൊലയും നിറഞ്ഞു നിൽക്കും
ചതിയന്മാരുടെ കേരളം
മതസൗഹാർദ മുദ്രാവാക്യം.
ഉയർന്ന് കേൾക്കും നാട്
ജാതിപ്പോകരിൽ ജീവൻ കളയും
ഭ്രാന്തന്മാരുടെ നാട്

# NATURE



Nature is a calming and peaceful
It comprises of trees animals and birds
We have learned to call it mother nature
But sadly all we do is ruthless torture
Nature is so beautiful it blows our mind
You can lose our self in it or find our self
At the same time
Let's be sensible humans and shows our
Humanity
Let's protect mother nature for our
community…………..

*MALAVIKA*

***9. A***

# ഓഖി



സ്വപ്നങ്ങൾ  പൂവിട്ടുനിന്നൊരാ -
മരച്ചില്ലകളൊന്നാകെ
ആടിയുലച്ച പവനന്റെ
നൃത്തതാണ്ഡവത്താൽ
ചുട്ടുകണ്ണീർ വാർന്നൊഴുകുന്നു.
ഭൂമിതൻ മക്കൾ നിലം പതിക്കുന്നിതാ -
നൊമ്പരം ബാക്കിയാക്കി.
ഇണക്കിളി പാടുന്നു
നൊമ്പര ഗാനങ്ങൾ
പായുന്ന കാറ്റിൻ ദീർഘമാം ആരവത്തെ
ചൊല്ലി
വാഗ്ദത്ത ഭൂമിയിൽ
വാവിട്ടു കരയുന്ന കടലിന്റെ മക്കൾ
എങ്ങോ നിന്നും പറന്നിറങ്ങിയകാട്ടുപക്ഷിപോൽ
കൊത്തി പറന്നകലുന്നുവോ
ഭൂമിതൻ മക്കൾ
തിരകളാൽ ഞൊറിയിട്ടൊരാഴിയെ
ഗർജിക്കും രാക്ഷസിയായി
ചുഴറ്റിയെറിഞ്ഞുവല്ലോ നീ......................

ബിജീഷ ബിജു

*9B*

# മുതലയും കോഴിയും

ഒരു ദിവസം ഒരു പിടക്കോഴി തീറ്റ തേടി നദിക്കരയിലെത്തി. കൊത്തിപ്പെറുക്കി നടക്കമ്പോൾ പെട്ടെന്ന് പിന്നിൽ നിന്നൊരു ശബ്ദം! തിരിഞ്ഞു നോക്കിയ കോഴി ഒന്നു ഞെട്ടി. ചിരച്ചു കൊണ്ട് മുന്നിൽ അതാ നദിയിലെ താമസക്കാരനായ മുതല.

"ഹഹ... കിട്ടിപ്പോയേ.... ഇന്നത്തെ കാര്യം കുശാൽ"! മുതല പിടക്കോഴിയുടെ ചിറകിൽ പിടികൂടി ! കോഴി ആകെ വിരണ്ടു. പെട്ടെന്ന് അവൾക്കൊരു സൂത്രം തോന്നി. "അയ്യോ! എന്റെ സ്വന്തം സഹോദരനല്ലോ ...... എന്നെ വെറുതെ വിടണെ" അവൾ നിലവിളിക്കാൻ തുടങ്ങി. ഇതു കേട്ട് മുതലയ്ക്ക് അത്ഭുതം തോന്നി

ങേ... സ്വന്തം സഹോദരനോ! ഞാനെങ്ങനെ ഇവളുടെ സഹോദരനാകും? മുതല ആലോചിച്ചു നിന്ന തക്കത്തിന് പിടക്കോഴി അവിടെ നിന്ന് തടി തപ്പി . സംശയം തീർക്കാനായി

മുതല കൂട്ടുകാരനായ പല്ലിയുടെ അടുത്തെത്തി. "ഞാനൊരു പ്രശ്നത്തിലാ" ആ പിടക്കോഴിയെ തിന്നാൻ ഒരവസരം വന്നതാ

പക്ഷെ അവളെന്റെ കയ്യിൽ നിന്ന് രക്ഷപ്പെട്ടു. മുതല വിഷമം പറഞ്ഞു. താൻ ആരെയും വെറുതെ വിടാറുള്ളതല്ലല്ലോ.ഇതെന്തു പറ്റി? പല്ലി ചോദിച്ചു. ഞാനവളുടെ സഹോദരനാണെന്ന് വിളിച്ചു കരഞ്ഞപ്പോഴാ വെറുതെ വിട്ടത്.ഞാനെങ്ങനെ അവളുടെ സഹോദരനാകും? എടോ മുതലെ എല്ലാവരും സഹോദരങ്ങളല്ലെ ..

***SIVANI***
***9B***

# A FOX WITHOUT A TAIL



*One day a fox was walking through the jungle.Suddenly he fell into a trap. He got out of trap but lost his tail behind.Without a tail he looked very strange and he felt sad. But the fox was very cunning and hit upon a plan. He invited all the foxes of the jungle attended the meeting and the fox felt importance his meeting. Then the fox said, My dear friends, listen to me please. I have invited a new thing the tails of ours are useless They look ugly and are always dirty. So we should cut of our tails. All the foxes listen to the cunning fox. One of old wise foxes also was listening to him He said,My dear friends your plan is very interesting to him but foolish as you have lost your tail want us to at off our tails at this without a tail the fox felt ashamed and left the place quickly.*

***Sameera***
***8A***

# അമ്പാടിയിലെ ഉണ്ണികൾ


ഓമനയായി വളർന്നു നിന്നീടുന്ന
രാമനും പിന്നെയാക്കാർവർണ്ണനും
ചന്തമെഴുന്നൊരു ചെന്തൊണ്ടി വാ തന്നിൽ
ദന്തങ്ങൾ പോന്നുവന്ന ഉരിച്ചു
മാലോകരുള്ളത്തിലാന്ന ദമിങ്ങനെ
ചാലെ നൽകീടുന്ന ബാലകൻമാർ
ഭൂതലം തന്നിൽ കമിണ്ണു തുടങ്ങിനാർ
നൂതനമായൊരു കാന്തികമായ്
പാലഞ്ചും പുഞ്ചിരി തൂകിനിന്നങ്ങനെ
നാലഞ്ചു നാളങ്ങു ചെന്നവാരെ
അമ്മമാർ ചെന്നങ്ങു തെറ്റെന്നെടുക്കയും
എൻമകൻ വാഴകെന്നു ചൊല്ലുകയും
പൂഴി തുടയക്കുകയും മെയ്യിൽ മുകയക്കും
കേഴൊല്ലായെന്നങ്ങു ചൊല്ലുകയും
ഇങ്ങനെയോരോ വേലകളുണ്ടായി
മംഗലം പൊങ്ങുന്ന ഗോകുലത്തിൽ

***അനഘ***

***10 A***

# BALU

Balu was a small dog. His name was Balu due to his long a fur. He loved chasing squirrels. One day while playing in the yard he saw one black squirrel.



The squirrel climbed up the tree saw did Balu. The squirrel ran down Balu started coming down but got stuct in the tree.Balu came down with a lot of efforts. By then the squirrel was on the bench Balu went up then the squirrel jumped down. Balu ran little more. But the squirrel was very fast. Balu could not keep up with her.Leave it, why should I ran after the squirrel? I can debate her easily but I will do if some other time now I will take a nap.Thinking this he dozed off under the tree ……

*BIJEESHA*
*9B*

# ചിറകൊടിഞ്ഞ മരം

ചിറകൊടിഞ്ഞ മരം
ഒരു സ്വപനം കാണുന്ന
വർണങ്ങളിലേക്ക്
ചിറക് വീശാൻ കൊതിച്ച്
കാത്തിരിക്കുമ്പോൾ അതാ
പക്ഷികളെല്ലാം പറന്നു പോയല്ലോ
ഓർമ്മകൾ നെഞ്ചോട് ചേർത്ത്
ചിറകടിയൊച്ച കാതോർത്ത്
ചിറകൊടിഞ്ഞ മരങ്ങൾ

അശ്വതി
9 B

# തീരത്തെ മായാജാലങ്ങൾ




ഗളിവർ തന്നെ വിട്ടുതന്നത് സ്വന്തം തീരത്താണോ എന്ന് സിദ്ദുവിന് നിശ്ചയമില്ലായിരുന്നു. തെങ്ങുകൾ ഏറെയുണ്ട് നാടിന്റെ ലക്ഷണം തോന്നിയപ്പോൾ തീരത്തടുപ്പിച്ചതാണ് കപ്പൽ. അങ്ങനെയിറങ്ങി ഏതു തീരമെന്നോ നാട്ടിലേക്കിനി എങ്ങനെ എത്തുമെന്നഅറിയില്ല. ഗളിവർ

യാത്രയായി. സിദ്ദു മെല്ലെ നടുന്നു. ദൂരം തിരകളിൽ കണ്ണും നട്ട് ഒരു തൊപ്പിക്കാരനിരിക്കുന്നുണ്ട. പഴയ ഒരു

കോട്ടുമണിഞ്ഞിട്ടുണ്ട. ഇനി ഗള്ളി വറുടെ ബന്ധുവായിരിമോ എന്ന് സിദ്ദു വിന് സംശയം തോന്നി അയാൾ അവനെ കണ്ടു. തൊപ്പിയഴിച്ചു. ചെമ്പിച്ച അയാളുടെ മുടിയിഴകൾ കാറ്റിൽ പറന്നു. അയാൾ തെപ്പിപിടിച്ച കൈകൊണ്ട് മാടിവിളിച്ചു ഒരു കുസൃതിച്ചിരിയോടെ അവൻ അടുത്തു ചെന്നു. "അവന്റെ പേരെന്താ?" അയാൾ ചോദിച്ചു. "സിദ്ധു" അവൻ പറഞ്ഞു.  അയാൾ ചിരിച്ചു. പിന്നെ കുനിഞ്ഞ് പൂഴിമണ്ണ് വാരിയെടുത്തു. അയാളുടെ ഉറക്കച്ചടവുള്ള കണ്ണുകൾ തിളങ്ങി. ചോപ്പ് വേണോ വെള്ള വേണോ? അയാൾ ചോദിച്ചു . "എന്ത്....!" അവനു ചോദ്യം മനസ്സിലാഗളിവർ തന്നെ വിട്ടുതന്നത് സ്വന്തം തീരത്താണോ എന്ന് സിദ്ദുവിന് ഗളിവർ തന്നെ വിട്ടുതന്നത് സ്വന്തം തീരത്താണോ എന്ന് സിദ്ദുവിന് നിശ്ചയമില്ലായിരുന്നു. തെങ്ങുകൾ ഏറെയുണ്ട് നാടിന്റെ ലക്ഷണം തോന്നിയപ്പോൾ തീരത്തടുപ്പിച്ചതാണ് കപ്പൽ. അങ്ങനെയിറങ്ങി ഏതു തീരമെന്നോ നാട്ടിലേക്കിനി എങ്ങനെ എത്തുതെന്നോ    അറിയില്ല. ഗളിവർ യാത്രയായി. സിദ്ദു മെല്ലെ നടുന്നു. ദൂരം തിരകളിൽ കണ്ണും നട്ട് ഒരു തൊപ്പിക്കാരനിരിക്കുന്നുണ്ട. പഴയ ഒരു കോട്ടുമണിഞ്ഞിട്ടുണ്ട. ഇനി ഗള്ളി വറുടെ ബന്ധുവായിരിമോ എന്ന് സിദ്ദു വിന് സംശയം തോന്നി അയാൾ അവനെ കണ്ടു. തൊപ്പിയഴിച്ചു. ചെമ്പിച്ച അയാളുടെനിശ്ചയമില്ലായിരുന്നു. തെങ്ങുകൾ ഏറെയുണ്ട്

നാടിന്റെ ലക്ഷണം തോന്നിയപ്പോൾ തീരത്തടുപ്പിച്ചതാണ് കപ്പൽ. അങ്ങനെയിറങ്ങി ഏതു തീരമെന്നോ നാട്ടിലേക്കിനി എങ്ങനെ

എത്തുതെന്നോ അറിയില്ല. ഗളിവർ യാത്രയായി. സിദ്ദു മെല്ലെ നടന്നു. ദൂരം തിരകളിൽ കണ്ണും നട്ട് ഒരു തൊപ്പിക്കാരനിരിക്കുന്നുണ്ട. പഴയ ഒരു കോട്ടുമണിഞ്ഞിട്ടുണ്ട. ഇനി ഗള്ളി വറുടെ ബന്ധുവായിരിമോ എന്ന് സിദ്ദു വിന് സംശയം തോന്നി അയാൾ അവനെ കണ്ടു. തൊപ്പിയഴിച്ചു. ചെമ്പിച്ച അയാളുടെയില്ല. "ഏതെങ്കിലും ഒന്ന് പറ ചോപ്പോ വെള്ളയോ ?" അയാൾ പിന്നെയും ചോദിച്ചു. "ചോപ്പ്" അവൻ വെറുതെ പറഞ്ഞു അയാൾ പൂഴി മണ്ണ് അമർത്തി പ്പിടിച്ച കൈ തലയ്ക്കു മുകളിൽ ഉഴിഞ്ഞു. കൈ തുറന്നപ്പോൾ നിറയെ ചുവന്ന പഞ്ചാര മിഠായികൾ! സിദ്ധു അമ്പരന്നുപോയി
"ഇങ്ങളാരാ മന്ത്രവാദ്യാ?" അവൻ അത്ഭുതം അടക്കാനാവാതെ ചോദിച്ചു"ഞാനൊരു പാവം അൽഫോൻസച്ചൻ," അയാൾ പറഞ്ഞു എന്നിട്ട് ഉറക്കെ ചിരിച്ചു. സിദ്ധുവും ചിരിച്ചു. "ഇനീം മാജിക് അറിയോ?"സിദ്ധു ചോദിച്ചു. "പിന്നല്ലാതെ ഇനീം വിദ്യകളുണ്ട് ഒരു പാട്," അയാൾ പറഞ്ഞു. അവന്റെ മുടിയിഴകളിൽ തലോടി "സ് നേഹത്തോടെ വളരണം," അയാൾ പറഞ്ഞു.

*Regeesha*
*8B*

# ചെമ്പരത്തി



ചെമ്പരത്തി
ചെമ്പരത്തി
ആരുന്നചുവന്നപ്പൂനിറം
നീ ചുവക്കാൻ
ദേഷ്യമാണോ കാരണം
തല്ലുകൊണ്ടു കരയുമ്പോൾ
എൻമുഖവും ചുമക്കുമെന്ന്
അമ്മചോല്ലാറുണ്ട്
നിൻതലയിൽ നൃത്തമാടും
ശലഭത്തെ നീ കണ്ടോ?
ചെമ്പരത്തി
എനിക്ക് തരുമോ
നിന്റെ ചുവന്ന കുപ്പായം

**Selinrose p.s**
***9 B***

# ഓമനത്തിക്കൾ കിടാവോ

ഓമനത്തിക്കൾ കിടാവോ നല്ല
കോമളത്താമരപ്പൂവോ
പൂവിൽ നിറഞ്ഞ
മധുവോ പരി
പൂർണേന്ദു തന്റെ
നിലാവോ
പൂത്തൻ
പവിഴക്കൊടിയോ
ചാഞ്ചാടിയാടും മയിലോ മൃദു
പഞ്ചമം പാടും കുയിലോ
പാരിജാതത്തിൻ തളിരോ എന്റെ
ഭാഗ്യദ്രുമത്തിൽ ഫലമോ




അപർണ പി .എ

**9 B**

# മുനിയെ വീഴ്ത്തിയ രാവണൻ

**രാവണന് ശിവൻ പ്രസാദിച്ച നൽകിയ വാളാണ് ചന്ദ്രഹാസം .അനേകം യുദ്ധങ്ങളിൽ രാവണന് വിജയം സമ്മാനിച്ച ഈ വാൾ പിന്നീട് ഒരു മുനിയുടെ ശാപം കാരണം ഉപയോഗശൂന്യമായി !കമ്പരാമായണം നിന്ന് ഒരു കഥ കേട്ടോളൂ ;**

**ഒരിക്കൽ കദംബ വനത്തിൽ തപസ്സിൽ മുഴുകിയിരിക്കുകയായിരുന്നു മൗല്യൻ എന്ന മുനി.യോഗദണ്ഡിൽ പിടലി താങ്ങി വെച്ച് ഒരു പ്രേത്യേക തരത്തിൽ ആയിരുന്നു മൗല്യന്റെ ഇരിപ്പ് .ഈ സമയത്താണ് രാവണൻ ജൈത്രയാത്ര കഴിഞ്ഞു അതു വഴി വന്നത്.യോഗദണ്ഡിൽ പിടലി താങ്ങിയുള്ള ആ പ്രേത്യേകതരം ഇരിപ്പുകണ്ട് രാവണന് ചിരി പൊട്ടി.രാവണൻ പതുക്കെ ഒരു കുസൃതി ഒപ്പിച്ചു.ചന്ദ്രഹാസം എടുത്തു മൗൽഗല്യൻ താങ്ങായി വച്ചിരിക്കുന്ന യോഗദണ്ഡിൽ തട്ട് കൊടുത്തു.ചന്ദ്രഹാസം തട്ടിയപ്പോൾ എന്തുണ്ടായെന്നോ ? യോഗദണ്ഡ് ഒടിഞ്ഞു മുനി മലർന്നടിച്ചു നിലത്തു വീണു.ആ വീഴ്ചയിൽ പാവം മുനിയുടെ നട്ടെല്ല് ഒടിഞ്ഞു.കുപിതനായ മൗൽഗല്യൻ രാവണനെ നോക്കി ഇങ്ങനെ ശപിച്ചു.**

# ഇണക്കുരുവികൾ

ളുനിലാവിളക്കിന്റെ
നേരെ വന്നിളം ചിരി
ളുകിട്ടും കൺകോണോടെ
മുറി വാങ്ങിയ ജാന
നാലുനാലരക്കൊല്ലം
മുൻപിലാ വീട്ടിന്നുള്ളിൽ..
കാലുകുത്തിയ നാളിൽ
എന്തെല്ലാം മോഹിച്ചില്ലേ
പണമെന്തിനാ വേല
ചെയ്യുവാൻ കെല്പും സ്നേഹം
തണലിട്ടു നിൽക്കുന്ന
നാലു കൺകളും ചേർന്നാൽ?
കിളയ്ക്കാൻ,നടാൻ,തേവാൻ,
കൊയ്യുവാനാ രണ്ടാളും
കിതയ്ക്കുന്നേരം വേല
ചോദിക്കാറുണ്ടീ ചോദ്യം

*KEERTHANA*
*9A*

# ചങ്ങാതി

ഓരോ കാഴ്ചയും
ഓരോ ഓർമ്മയാകുന്നു
അപ്രതീക്ഷിതങ്ങളുടെ
ഒരു നട്ടുച്ചയിൽ
മിനാരങ്ങളുടെ
തണലിൽ വച്ച്
കൊഴിഞ്ഞു വീണ
കൊന്നപ്പൂക്കളിൽ
എനിക്കെന്റെ
ചങ്ങാതിയെ കിട്ടുന്നു
ഞാനാരെന്നോ
നീയാരെന്നോ
ചോദിക്കാതെ
സൗഹൃദത്താൽ
കരൾ നിറഞ്ഞ്....
വീണ്ടും കാണാമെന്ന്
സുനിശ്ചിതത്വത്തിൽ
പുൽത്തകിടി വിട്ടിറങ്ങുന്നു നാം....

***DEVIKA.P.M***
***9B***

# സ്വപ്നം

രാത്രിയുടെ നിഴലിൽ ഒരു മയിൽപ്പീലിയായ്
എന്നെ തഴുകി ആരോ....
ഏകാന്തത ഒരു ഇളം തണുപ്പായെന്നെ
പതിയെ തൊട്ടുണർത്തി...
ഒരു ജാലകം താനെ തുറന്ന പോലെ
അങ്ങ് ദൂരെ നിലാവിൻ നീല വെളിച്ചത്തിൽ
ആരോ കണ്ണ ചിമ്മി കാണിച്ച
മഴവില്ലിൻ ഏഴ നിറങ്ങളും ഞാനെൻ
കിനാവിലൂടെ തൊട്ടറിഞ്ഞു......
നിശാഗന്ധി പുഷ്പങ്ങൾ എനിക്കായി മാത്രം
പുഷ്പവലയങ്ങൾ തീർത്തു തന്നു...
നെറുകയിൽ ചാർത്തിയ ചന്ദന ചാർത്തിൻ
തണുപ്പിൽ ഞാനറിഞ്ഞു....
ഒരു സ്വപ്ന ജാലകത്തിനരികിലായ് ഞാൻ
മണ്ണിൻ കൂടാരം പണിഞ്ഞെന്ന്

***SREEHARI.K.S***
***9B***

# കിനാവു കാണുന്ന പക്ഷികൾ

വാക്കിരമ്പത്തിന്റെ

നഗര രാ(ത്രിയിൽ

ഒരു പുരാതന സ്മൃതി

പോലടരുന്ന താരകം

ചതുരങ്ങളിൽ കൂട്ടു കൂട്ടി

കൊരുത്തിരിക്കുന്ന

വാക്കു കൊത്തി കിനാവു

കാണുന്ന പക്ഷികൾ...

തിരയൊടുങ്ങാതീരങ്ങൾ നാം,

ഇരവിന്റെയതിരുകൾ-

ക്കപ്പുറംമപ്പുറം പെയ്യുന്ന

പച്ചപ്പു വറ്റാത്ത പൂമണങ്ങൾ.....

***NEERAJA***
***9A***

# The Road Not Taken

*Two roads diverged in a yellow wood*
*And sorry i could not travel both*
*And be one traveller, long I stood*
*And looked down one as far as i could*
*To where it bent in the under growth,*
*Then took the other, as just as fair,*
*And having perhaps the better claim,*
*Because it was grassy and wanted*
*Though as for that the passing there*
*Had won them really about the same,*
*And both that the morning equally lay*
*In leaves no step had trodden black*
*Oh, I kept the first for another day!*
*Vet knowing how any leads on to way,*
*I doubted if I should ever come back*
*I shall be telling this with a sigh*

***BIJEESHA***
***9B***

# കൂട്ടുകാരൻ

കൂട്ടുകൂടാനായെന്റെ

കൂട്ടുതേടിയണഞ്ഞൊരു

കുഞ്ഞാറ്റക്കിളി....



കാറ്റിനോടു കഥ മെനഞ്ഞും

കടലിനോടു കളി പറഞ്ഞും

കാടായ കാടെല്ലാം, മേടായ

മേടെല്ലാം

കണ്ണാരം പൊത്തി കളിച്ചും

കണ്ണിൽ കണ്ണിൽ കണ്ണാടി

നോക്കി

കൊക്കുരുമ്മി ചിറകുരുമ്മി

കിലുകിലെ കൊഞ്ചി ചിലച്ചും

കിളിക്കൂട്ടിലെന്നെ

കുളിരറിയിക്കാതെ

കവിൾ ചേർത്തുറക്കിയും

കനിവിന്റെ കനിവാമെന്റെ

കരളിന്റെ കരളായ കൂട്ടുകാരൻ

*Amal krishna*

***9A***

# ***PHOTO GALLERY OF SCHOOL ACTIVITIES***


















THE ART OF LIVING
5-ാമത്
അന്താരാഷ്ട്ര യോഗദിനം






Instagram
Room no 5 (S)

## മിന്നും താരങ്ങൾ
















# STARTUP OF JRC UNIT









# JRC ACTIVITIES









# നന്ദി

**ഈ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച അംഗങ്ങളോടുള്ള കടപ്പാട് നന്ദിയോടെ ഓർമ്മിക്കുന്നു .**


ThankYou
© CanStockPhoto.com - csp67093519